DESPATCHED
On 30/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.2996 (3)/2018/എസ്.ഐ.സി

(ഫയൽ നം. 15413/എസ്.ഐ.സി - ജി1/2018 )

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 27/01/2023

ഡോ. ശ്രീവൃന്ദാനായർ. എൻ,
കുളത്തൂർ വീട്,
വള്ളിക്കോട് പി.ഒ,
പത്തനംതിട്ട- 689 648. — അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് രജിസ്ട്രാർ I (ഭരണം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686 560
2. അപ്പീൽ അധികാരി & പ്രൊ-വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686 560

— എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

ഡോ. ശ്രീവൃന്ദാനായർ. എൻ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞുകൊണ്ട് മഹാത്മാ ഗാന്ധി സർവ്വകലാശാല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷകളിന്മേലും അപ്പീലപേക്ഷകളിന്മേലും ലഭിച്ച മറുപടി തൃപ്തികരമല്ല എന്നതാണ് ഈ അപ്പീൽ ഹർജിക്കാധാരം. 22.11.2022-ൽ പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കമ്മീഷൻ നടത്തിയ ഹിയറിംഗിനെ തുടർന്ന് 24.11.2022 ൽ ഈ കമ്മീഷൻ പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ്

പ്രകാരം അപ്പീൽ ഹർജിക്കാരി 26.02.2018, 6.07.2018, 26.07.2018 തീയതികളിൽ സമർപ്പിച്ച 6(1) അപേക്ഷകൾക്ക് വ്യക്തമായി മറുപടി നൽകാൻ കഴിയുന്ന രേഖകളുമായി സർവ്വകലാശാലയുടെ പ്രൊ വൈസ് ചാൻസലർ, ജോയിന്റ് രജിസ്ട്രാർ I (ഭരണം), ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ 2022 ഡിസംബർ 22 ന് നേരിൽ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നു. അന്നേ ദിവസം ഹിയറിംഗ് നടക്കാത്തതിനാൽ 2023 ജനുവരി നാലിന് ബന്ധപ്പെട്ടവർ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നു. ഈ രണ്ടാമത്തെ ഹിയറിംഗിൽ പ്രൊ വൈസ് ചാൻസലർ ഹാജരായില്ല. ചുമതലപ്പെട്ടയാൾ വരികയും ഒന്നാം അപ്പീൽ അധികാരിയായ പ്രൊ വൈസ് ചാൻസലർ വിശദീകരണം നൽകുന്നതിനു പകരം അദ്ദേഹത്തിനു വേണ്ടി മറ്റൊരു ഓഫീസർ തയ്യാറാക്കിയ വിശദീകരണം ലഭ്യമാക്കുകയും ചെയ്തിരുന്നു. അവ കമ്മീഷൻ തള്ളുകയും 25.01.2023 ന് പ്രൊ വൈസ് ചാൻസലർ ഉൾപ്പെടെ ഉള്ളവർ നേരിൽ ഹാജരാകാൻ നിർദ്ദേശിക്കുന്ന വിശദമായ മറ്റൊരു ഉത്തരവ് 07.01.2023 ന് കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്തു.

2. അതിന്റെ അടിസ്ഥാനത്തിൽ ഒന്നാം അപ്പീൽ അധികാരിയായ പ്രൊ വൈസ് ചാൻസലറും, എസ്.പി.ഐ.ഒ ആയ ജെ.ആർ. അഡ്മിനിസ്ട്രേഷനും നേരിൽ ഹാജരായി. ഡോ. ശ്രീവൃന്ദാനായർ പരാതി ഉന്നയിച്ചിരിക്കുന്ന പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് യഥാക്രമം 29.01.2018, 27.06.2018 തീയതികളിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി തീരുമാനങ്ങളുടെ പ്രൊസീഡിംഗ്സ് കമ്മീഷന് മുമ്പാകെ ഹാജരാക്കി. ഒപ്പം 07.01.2023 ലെ കമ്മീഷന്റെ ഉത്തരവിൽ നിർദ്ദേശിച്ച സ്കോർ സമ്മറി ഷീറ്റുകളും സമർപ്പിക്കുകയുണ്ടായി. ഇവ പരിശോധിച്ചതിൽ നിന്നും 29.01.2018 ൽ തയ്യാറാക്കിയ ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയുള്ള പ്രൊഫസർ നിയമനത്തിന്റെ സ്കോർ ഷീറ്റും 27.07.2018 ൽ തയ്യാറാക്കിയ അസോസിയേറ്റ് പ്രൊഫസർ നിയമനത്തിന്റെ സ്കോർ ഷീറ്റിലും ശ്രീമതി. ശ്രീവൃന്ദാനായർക്ക് സമാനമായ കാറ്റഗറികളിൽ ഉൾപ്പെട്ടിട്ടുള്ള സ്കോർ പോയിന്റുകളിൽ കാര്യമായ വ്യത്യാസം വന്നിട്ടുള്ളതായി കാണുന്നു. ഈ രണ്ടു റിക്രൂട്ട്മെന്റുകളിലും സ്ക്രീനിംഗും ഇന്റർവ്യൂവും നടത്തിയിട്ടുള്ള ബോർഡുകളിൽ ഓരോ വ്യക്തികൾ മാത്രമാണ് മാറിയിട്ടുള്ളതായി കാണുന്നത്. ഓരോ അപേക്ഷയ്ക്കും സമർപ്പിക്കപ്പെട്ട ഒരേ തരം രേഖകൾ യൂണിവേഴ്സിറ്റിയുടെ സെലക്ഷൻ കമ്മിറ്റി രണ്ടു പ്രാവശ്യം പരിശോധിക്കുമ്പോൾ കാര്യമായ അന്തരം ഉണ്ടായതായി

കാണുന്നു. ഇതിലെ split details ആണ് അപ്പീൽ ഹർജിക്കാരി വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. Assessment of domain knowledge and teaching skills എന്ന മൂന്നാം ക്രൈറ്റീരിയയിൽ പ്രൊഫസർ തസ്തികയിലേക്ക് അനുവദിച്ചു നൽകിയിരിക്കുന്നത് ആകെ 20 ൽ 2.43 സ്കോറുകൾ ആണ്. എന്നാൽ ഇതേ ക്രൈറ്റീരിയയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ അപേക്ഷകക്ക് കിട്ടിയിട്ടുള്ളത് 20ൽ 20 സ്കോറുകളും ആണ്. അഥവാ ഒരിടത്തു 11% ൽ താഴെ സ്കോർ ലഭിച്ചപ്പോൾ മറ്റൊരിടത്ത് 100% ലഭിച്ചു കാണുന്നു. സ്കോർ സമ്മറി ഷീറ്റിൽ ആകെ 20 മാർക്ക് കാറ്റഗറി 1(a)1(b),1(c) എന്നീ ഇനത്തിലേക്ക് ആണെന്നു പറയുന്നു. അങ്ങനെ എങ്കിൽ 2.43 മാർക്ക് ഈ മൂന്ന് വിഭാഗങ്ങളിലേക്ക് എങ്ങനെയാണ് വിഭജിക്കപ്പെട്ടത് എന്ന് വ്യക്തമാക്കേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല. അപ്രകാരം തന്നെയാണ് 20 സ്കോർ ലഭിച്ചപ്പോഴും സംഭവിച്ചിട്ടുള്ളത്. 20 ൽ 20 എന്ന് അല്ലാതെ ഓരോ കാറ്റഗറിയിലും എത്ര എന്ന് വ്യക്തമാക്കുന്നില്ല. ഈ രേഖ ലഭ്യമാക്കണമെന്നാണ് അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ടത്. അത് ലഭ്യമാക്കാനാണ് കമ്മീഷൻ നിർദ്ദേശിച്ചതും. എന്നാൽ ആ തരംതിരിച്ച വിശദാംശം യൂണിവേഴ്സിറ്റിയിൽ ലഭ്യമല്ല എന്ന് എസ്.പി.ഐ.ഒ യും ഒന്നാം അപ്പീൽ അധികാരിയും ബോധിപ്പിക്കുകയാണ് ഉണ്ടായത്. അവർ ഹാജരാക്കിയ രേഖകളിൽ നിന്നും കമ്മീഷനു മനസ്സിലായതും ഇങ്ങനെ തന്നെയാണ്. മൂന്ന് കാറ്റഗറികളിലേക്ക് 20 സ്കോർ വരെ പരമാവധി നൽകാം എന്നിരിക്കെ ഓരോ കാറ്റഗറിക്കും എത്ര സ്കോർ ആണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല. സമർപ്പിക്കപ്പെട്ട ഈ രണ്ടു സ്കോർ ഷീറ്റുകളിലും ഈ പറയുന്ന ഭാഗത്ത് മാർക്ക് തരംതിരിച്ച് രേഖപ്പെടുത്തേണ്ട കോളവും കാണാത്തതിനാൽ അക്കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള അവസരം അടഞ്ഞു പോയിട്ടുള്ളതായി കാണുന്നു. ഒരു തസ്തികയിലേക്ക് ഒന്നിലേറെ ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുകയും അവരിൽ കുറച്ചു പേരെ സ്ക്രീനിംഗ് കമ്മിറ്റിയുടെ തീരുമാനത്തിലൂടെ തഴയപ്പെടുകയും കുറച്ചു പേരെ ഇന്റർവ്യൂവിനു ഹാജരാകാൻ അനുവദിക്കുകയും അവരിൽ ഇന്റർവ്യൂ ബോർഡിന്റെ തീരുമാനപ്രകാരം ഒരാളെ മാത്രം തെരെഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നത് സ്വാഭാവിക നടപടിക്രമമാണ്. എന്നാൽ അക്കൂട്ടത്തിൽ തഴയപ്പെടുന്ന ഓരോ ഉദ്യോഗാർത്ഥിക്കും താൻ തഴയപ്പെട്ടത് ഏതു മേഖലയിൽ എപ്രകാരമാണ് എന്ന് അറിയാനുള്ള അവകാശമുണ്ട്. അത് ഭാവിയിൽ അവർക്ക് നില മെച്ചപ്പെടുത്താനെങ്കിലും

ഉപകാരപ്രദമാകും. ഒപ്പം തെരഞ്ഞെടുപ്പു നടപടി സുതാര്യവുമാകും. ശ്രീമതി. ശ്രീവൃന്ദാനായരുടെ ഈ അവകാശമാണ് രേഖകളുടെ അഭാവത്തിൽ ഇവിടെ നിഷേധിക്കപ്പെടുന്നത്.

3. ഇത്തരം ഘട്ടങ്ങളിൽ സ്ക്രീനിംഗ് കമ്മിറ്റികളും ഇന്റർവ്യൂ ബോർഡുകളും ഉദ്യോഗാർത്ഥികൾക്ക് സ്കോർ അനുവദിച്ചു നൽകുമ്പോൾ വിവിധ ക്രൈറ്റീരിയകളിൽ വിവിധ കാറ്റഗറികളിൽ എത്ര സ്കോർ വീതം അനുവദിച്ചു എന്നും ഓരോ ക്രൈറ്റീരിയയിലും ആകെ സ്കോർ എത്രയാണെന്നും നിയമനാധികാരിയെ രേഖാമൂലം അറിയിക്കുന്നത് ഇന്റർവ്യൂ ബോർഡിനെ കൂടുതൽ വിശ്വാസയോഗ്യമാക്കും. സർവ്വകലാശാല അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023, ജനുവരി മാസം 27-ാം തീയതി അന്തിമമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

pm

DESPATCHED
On...11/01/23.....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം 695 001.**

**ഹർജി നമ്പർ എ.പി.2996 (3)/2018/എസ്.ഐ.സി**

(ഫയൽ നം. 15413/എസ്.ഐ.സി – ജി1/2018 )

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

സന്നിഹിതൻ

**ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:** 7/01/2023

ഡോ. ശ്രീവൃന്ദാനായർ. എൻ,
കുളത്തൂർ വീട്,
വള്ളിക്കോട് പി.ഒ,
പത്തനംതിട്ട– 689 648.
} അപ്പീൽ ഹർജിക്കാരി

**Vs**

1.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് രജിസ്ട്രാർ I (ഭരണം),
മഹാത്മാഗാന്ധി സർവ്വകലാശാല,
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686 560

2. അപ്പീൽ അധികാരി & പ്രൊ–വൈസ് ചാൻസലർ,
മഹാത്മാഗാന്ധി സർവ്വകലാശാല,
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686 560
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | **26.02.2018,04.04.2018,21.06.2018,06.07.2018,18.01.2018** |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 23.03.2018--,17.07.2018,27.07.2018,23.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **15.05.2018,--,--,13.08.2018,--** |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.06.2018,--,--,21.08.2018,-- |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **28.12.2018** |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | **31.12.2018** |

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ

സയൻസിൽ നടന്ന പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഡോ. ശ്രീവൃന്ദാനായർ. എൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ സംബന്ധിച്ച് എസ്.പി.ഐ.ഒ, ഒന്നാം അപ്പീൽ അധികാരി എന്നിവരെ വിശദമായി കേൾക്കുന്നതിന് 24.11.2022 ലെ ഉത്തരവ് പ്രകാരം ഈ കമ്മീഷൻ ക്ഷണിച്ചിരുന്നു. എസ്.പി.ഐ.ഒ 04/01/2023 ന് കമ്മീഷൻ മുമ്പാകെ ഹാജരായെങ്കിലും ഒന്നാം അപ്പീൽ അധികാരി വിട്ടു നിൽക്കുകയാണ് ഉണ്ടായത്. 4-ാം തീയതി കമ്മീഷൻ ഇതു സംബന്ധിച്ച് നടത്തിയ രണ്ടാമത്തെ ഹിയറിംഗിൽ ജോയിന്റ് രജിസ്ട്രാർ, അഡ്മിനിസ്ട്രേഷൻ -II, ജോയിന്റ് രജിസ്ട്രാർ അഡ്മിനിസ്ട്രേഷൻ- I, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ ഹാജരായി. ഇവർ കമ്മീഷൻ മുമ്പാകെ നിരത്തിയ വാദങ്ങൾ സാധൂകരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം 05.01.2023 ൽ കമ്മീഷന്റെ ഇ-മെയിലിലിലൂടെ ഒന്നാം അപ്പീൽ അധികാരിക്കു വേണ്ടി ജോയിന്റ് രജിസ്ട്രാർ -II ഒരു ചുരുങ്ങിയ വിശദീകരണം അയയ്ക്കുകയുണ്ടായി. അങ്ങനെ ഒരു അപ്പീൽ അധികാരിക്കു വേണ്ടി മറ്റൊരു ഓഫീസർ വിശദീകരണം നൽകുന്നത് ചട്ടപ്രകാരമല്ല. അതു സ്വീകരിക്കാൻ നിർവ്വാഹമില്ല. ആ കാരണത്താൽ ജോയിന്റ് രജിസ്ട്രാർ-II മഹാത്മാഗാന്ധി സർവ്വകലാശാല പ്രൊ വൈസ് ചാൻസലറും ഒന്നാം അപ്പീൽ അധികാരിയുമായവർക്കു വേണ്ടി സമർപ്പിച്ച റിപ്പോർട്ട് ഈ കമ്മീഷൻ തള്ളുന്നു.

2. പകരം ഇതു സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 25.01.2023 നകം സ്വന്തം റിപ്പോർട്ട് ആയി തയ്യാറാക്കി കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരായി സമർപ്പിക്കാൻ ഒന്നാം അപ്പീൽ അധികാരിയായ മഹാത്മാഗാന്ധി സർവ്വകലാശാല പ്രൊ വൈസ് ചാൻസലറോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു. അങ്ങനെ സമർപ്പിക്കുന്ന റിപ്പോർട്ടിൽ യു.ജി.സി പോലെയുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ ഉദ്ധരിക്കുന്ന പക്ഷം ആയത് തെളിയിക്കുന്ന പ്രസക്ത ഭാഗങ്ങളുടെ പകർപ്പു കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് ഒന്നിലേറെ അപേക്ഷകൾ ഉണ്ടാവുമ്പോൾ അവരിൽ നിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. അത്തരം ഘട്ടത്തിൽ സ്കോർ സമ്മറി ഷീറ്റ് തയ്യാറാക്കുന്നുണ്ടെങ്കിൽ ഈ

അപേക്ഷയുമായി ബന്ധപ്പെട്ട സ്കോർ സമ്മറി ഷീറ്റുകളുടെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഈ ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂ ബോർഡിന് അയയ്ക്കുന്നതിനു മുമ്പ് നടത്തിയ യോഗ്യതാ പരിശോധനയിൽ അവലംബിച്ച മാനദണ്ഡങ്ങളും അതിനു നൽകപ്പെട്ട മാർക്ക് വിവരങ്ങളും കൂടി അറിയിക്കണമെന്ന് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം (2023, ജനുവരി മാസം 07-ാം തിയതി) താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

pm